പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1083** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനയാത്രക്കാരുടെ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പാറശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്ത് പരിധിയിൽ നെയ്യാർഡാം റോഡിൽ നെയ്യാർ റിസർവോയറിനോട് ചേർന്ന് നിരപ്പിൽകാല മുതൽ കണ്ടംതിട്ട വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡിന്റെ വശങ്ങളിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും നെയ്യാർ റിസർവോയറിനോട് ചേർന്നുള്ള ഭൂപ്രകൃതിയും വാഹനാപകടങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടോ; പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ നെയ്യാർ ഡാം റോഡിൽ നെയ്യാർ റിസർവോയറിനോട് ചേർന്ന് നിരപ്പിൽകാല മുതൽ കണ്ടംതിട്ട വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുതറോഡിന്റെ വശങ്ങളിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ അഭാവവും നെയ്യാർ റിസർവോയറിനോട് ചേർന്നുള്ള ഭൂപ്രകൃതിയും വാഹനാപകടങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത ഭാഗം റോഡ് സുരക്ഷയുടെ ഭാഗമായി അപകടസാധ്യതയേറിയ മേഖലയായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നടത്തിയിട്ടുള്ള പരിശോധനകളുടെയും അപകടവിശകലനത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ഭാഗം റോഡ് സുരക്ഷയുടെ ഭാഗമായി അപകടസാധ്യതയേറിയ മേഖലയായി കണ്ടെത്തിയിട്ടുണ്ട്. ട്രാഫിക് സർവ്വേ സ്റ്റഡി / റോഡ് സേഫ്റ്റി സ്റ്റഡി എന്നിവയുടെ പരിശോധനകൾ നടത്തിയിട്ടില്ല

**(സി)** നിരപ്പിൽകാല മുതൽ കണ്ടംതിട്ട വരെയുള്ള ഭാഗത്ത് ആവശ്യമായ സ്ഥലങ്ങളിൽ ഡബ്ല്യൂ-ബീം മെറ്റൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനായി സാങ്കേതിക പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ട്രാഫിക് സർവ്വേ സ്റ്റഡി / റോഡ് സേഫ്റ്റി സ്റ്റഡി എന്നിവ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ആവശ്യമായ റോഡ് സൈൻബോർഡുകൾ, ഹസാർഡ് മാർക്കറുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്ടറുകൾ, ഡിലിനേറ്ററുകൾ തുടങ്ങിയ റോഡ് സുരക്ഷാ സംവിധാനങ്ങൾ കൂടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വാഹന യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിൽ ആർ.സി. പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഈ ഭാഗത്ത് 150 മീറ്റർ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബാക്കി ഭാഗത്ത് ആവശ്യമായ സ്ഥലങ്ങളിൽ ഹസാർഡ് മാർക്കറുകൾ, റോഡ് മാർക്കിംഗ്, റിഫ്ളക്ടറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡിന്റെ തുടർഭാഗങ്ങളിൽ ആവശ്യമായ ബോർഡുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നോ അല്ലാത്തപക്ഷം വരുന്ന ആർ.സി. വർക്കിൽ ഉൾപ്പെടുത്തിയോ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**